"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - തൃശ്ശൂർ EE&ANSS- NDPS Cr.No.48/2019-ലെ പ്രതി രഞ്ജിത്കമാർ കസ്റ്റഡിയിൽ വെച്ച് മരണപ്പെട്ടതുമായി ബന്ധപ്പെട്ട അച്ചടക്കനടപടിയുടെ ഭാഗമായി സ്ഥലംമാറ്റിയ ശ്രീ.വി.എ.ഉമ്മറിനെ മാതൃജില്ലയായ തൃശ്ശൂരിലേക്ക് സ്ഥലംമാറ്റുന്നതിന് -അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.605/2025/TAXES** **തീയതി,തിരുവനന്തപുരം, 26-06-2025**

---

പരാമർശം:-
1. എക്സൈസ് കമ്മീഷണറുടെ 05.10.2019-ലെ EXC/5413/2019-XE4 നമ്പർ ഉത്തരവ്
2. എക്സൈസ് കമ്മീഷണറുടെ 11.06.2021-ലെ EXC/5413/2019-XE4 നമ്പർ ഉത്തരവ്
3. ശ്രീ.വി.എ.ഉമ്മർ 22.11.2024, 01.05.2025, 06.05.2025 തീയതികളിൽ സമർപ്പിച്ച നിവേദനം.
4. OA (EKM) No.675/2025-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.05.2025-ലെ ഉത്തരവ്.
5. എക്സൈസ് കമ്മീഷണറുടെ 11.06.2025-ലെ EXC/5413/2019-XE4 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ EE&ANSS- NDPS Cr.No.48/2019-ലെ പ്രതി ശ്രീ. രഞ്ജിത്കമാർ കസ്റ്റഡിയിൽ വെച്ച് മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ടി ഓഫീസിലെ പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ. അനൂപ് കമാർ എം.ജി., അബ്ദുൾ ജബ്ബാർ, വി.എ.ഉമ്മർ, സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. നിധിൻ എൻ.മാധവൻ, സ്മിബിൻ വി.എം., ബെന്നി എം.ഒ., മഹേഷ് കെ.യു., എക്സൈസ് ഡ്രൈവർ ശ്രീ. ശ്രീജിത്ത് വി.ബി. എന്നിവരെ പരാമർശം (1) പ്രകാരം സസ്പെൻഡ് ചെയ്തിരുന്നു. തുടർന്ന്, പ്രിവന്റീവ് ഓഫിസർ ശ്രീ.വി.എ.ഉമ്മറിനെ വയനാട് ഡിവിഷനിലും, പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ.എം.ജി.അനൂപ് കുമാർ, അബ്ദുൾ ജബ്ബാർ എന്നിവരെ കോഴിക്കോട് ഡിവിഷനിലും, സിവിൽ എക്സൈസ് ഓഫീസർ ശ്രീ. നിധിൻ എം.മാധവനെ മലപ്പുറം ഡിവിഷനിലും ശ്രീ. സ്മിബിൻ വി.എം.നെ ഇടുക്കി ഡിവിഷനിലും, ശ്രീ. ബെന്നി എം.ഒ, ശ്രീ. മഹേഷ് കെ.യു. എന്നിവരെ ആലപ്പുഴ ഡിവിഷനിലും എക്സൈസ് ഡ്രൈവർ ശ്രീ. ശ്രീജിത്ത് വി.ബി.യെ പാലക്കാട് ഡിവിഷനിലും പരാമർശം (2) പ്രകാരം നിയമിച്ച് ഉത്തരവായിരുന്നു.

**2)** നിലവിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെകടർ ആയ ശ്രീ വി.എ.ഉമ്മർ മാതൃജില്ലയിലേക്ക് സ്ഥലംമാറ്റം നൽകുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. തുടർന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA No.(EKM)-675/2025 ഫയൽ ചെയ്യുകയും ടി കേസിലെ പരാമർശം (4) പ്രകാരമുള്ള ഉത്തരവിൽ ടിയാന്റെ നിവേദനം പരിഗണിച്ച് ഉത്തരവാകണമെന്ന് ബഹു. ട്രിബ്യൂണൽ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

**3)** തൃശ്ശൂർ EE&ANSS- NDPS Cr.No.48/2019-ലെ പ്രതി ശ്രീ. രഞ്ജിത്കുമാർ കസ്റ്റഡിയിൽ വെച്ച് മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ടി ഓഫീസിലെ പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ. അനൂപ് കുമാർ എം.ജി., അബ്ദുൾ ജബ്ബാർ, വി.എ.ഉമ്മർ, സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. നിധിൻ എൻ.മാധവൻ, സ്മിബിൻ വി.എം., ബെന്നി എം.ഒ., മഹേഷ് കെ.യു., എക്സൈസ് ഡ്രൈവർ ശ്രീ. ശ്രീജിത്ത് വി.ബി. എന്നിവരെ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തു. ടി സംഭവത്തെ കുറിച്ച് അന്വേഷിക്കാൻ എക്സൈസ് വിജിലൻസ് ഓഫീസറെ ചുമതലപ്പെടുത്തുകയുമുണ്ടായി. എക്സൈസ് വിജിലൻസ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ മേൽ ഉദ്യോഗസ്ഥർക്ക് 04.01.2020-ൽ കുറ്റാരോപണ മെമ്മോ നൽകുകയും ടിയാന്മാർ പ്രതിവാദപത്രിക സമർപ്പിക്കുകയുമുണ്ടായി. ടി പ്രതിവാദപത്രിക തൃപ്തികരമല്ലാതിരുന്നതിനാൽ EI&IB JEC-യെ Formal Enquiry Officer ആയി നിയമിച്ചുകൊണ്ട് 15.04.2020-ൽ ഉത്തരവാകുകയുണ്ടായി. ടി വിഷയത്തിൽ പാവറട്ടി പോലീസ് സ്റ്റേഷനിൽ Crime No.458/2019 ആയി രജിസ്റ്റർ ചെയ്ത കേസ് സിബിഐയ്ക്ക് കൈമാറിയതായി 14.05.2020-ലെ കത്ത് പ്രകാരം State Police Chief അറിയിക്കുകയുണ്ടായി. കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സർവീസിൽ തിരികെ പ്രവേശിപ്പിച്ച് ടിയാന്മാരെ തൃശ്ശൂർ ജില്ലയ്ക്ക് പുറത്ത് നിയമിക്കാവുന്നതാണെന്നും സർക്കാരിൽ 05.05.2021-ലെ EXC/5413/2019-XE4 പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സർവീസിൽ തിരികെ പ്രവേശിപ്പിച്ച് തൃശ്ശൂർ ജില്ലയ്ക്ക് പുറത്ത് നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകി. അതിന്റെ അടിസ്ഥാനത്തിൽ, പ്രിവന്റീവ് ഓഫിസർ ശ്രീ.വി.എ.ഉമ്മറിനെ വയനാട് ഡിവിഷനിലും, പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ.എം.ജി.അനൂപ് കുമാർ, അബ്ദുൾ ജബ്ബാർ എന്നിവരെ കോഴിക്കോട് ഡിവിഷനിലും, സിവിൽ എക്സൈസ് ഓഫീസർ ശ്രീ. നിധിൻ എൻ.മാധവനെ മലപ്പുറം ഡിവിഷനിലും ശ്രീ. സ്മിബിൻ വി.എം.നെ ഇടുക്കി ഡിവിഷനിലും, ശ്രീ. ബെന്നി എം.ഒ., ശ്രീ. മഹേഷ് കെ.യു. എന്നിവരെ ആലപ്പുഴ ഡിവിഷനിലും എക്സൈസ് ഡ്രൈവർ ശ്രീ. ശ്രീജിത്ത് വി.ബി.യെ പാലക്കാട് ഡിവിഷനിലും പരാമർശം (2)ലെ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. എക്സൈസ് ഡ്രൈവർ ശ്രീ. ശ്രീജിത്ത് വി.ബി. ക്യാൻസർ രോഗബാധിതനായതിനാൽ ടിയാന്റെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് ടിയാനെ മാതൃഡിവിഷനിലേക്ക് തിരികെ നിയമിക്കുന്നതിന് സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് 09.09.2021-ൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അതിന്റെ

അടിസ്ഥാനത്തിൽ, ടിയാന് തൃശ്ശൂർ ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകാവുന്നതാണെന്ന് സർക്കാർ അറിയിച്ചതിനെ തുടർന്ന് ടിയാനെ തൃശ്ശൂർ ഡിവിഷനിൽ നിയമിച്ചുകൊണ്ട് 09.10.2021-ൽ ഉത്തരവാകുകയുണ്ടായി. പ്രിവന്റീവ് ഓഫീസർ ശ്രീ. അനൂപ് കുമാർ. എം.ജി.യെ ബഹു. എറണാകുളം അഡീ. ഡിസ്ട്രിക്റ്റ് & സെഷൻസ് ജഡ്ജ്-IV / സ്പെഷ്യൽ ജഡ്ജ് (SPE/CBI)-II, കോടതിയുടെ 24.01.2025-O Cr.MP.No.2951/2024 in S.C.No.425/2021 അനൂപ് കുമാറിനെ വിചാരണ കൂടാതെ, ഡിസ്ചാർജ് ചെയ്തു. ശ്രീ. അനൂപ് കുമാർ എം.ജി.ക്കെതിരായ കുറ്റാരോപണ മെമ്മോയിലെ ആരോപണങ്ങൾ തെളിയിക്കുന്നതിലേക്കുള്ള തെളിവുകൾ ഒന്നും ലഭ്യമായിട്ടില്ലാത്തിനാൽ 28.04.2025-ലെ EXC/5413/2019/XE4 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവാകുകയുണ്ടായി. നിലവിൽ ശ്രീ. അനൂപ് കുമാർ എം.ജി. സ്ഥാനക്കയറ്റം ലഭിച്ച് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ആയി എറണാകുളം ജില്ലയിൽ ജോലി നോക്കിവരുന്നു. പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ. അബ്ദുൾ ജബ്ബാർ, വി.എ.ഉമ്മർ, സിവിൽ എക്സൈസ് ഓഫീസർമാരായ നിധിൻ എൻ. മാധവൻ, സ്മിബിൻ വി.എം., ബെന്നി എം., മഹേഷ് കെ.യു. എന്നിവർ 2021 ജൂൺ മുതൽ മാതൃജില്ലയ്ക്ക് പുറത്ത് ജോലി ചെയ്ത് വരികയാണെന്നും ടിയാന്മാരുടെ കുടുംബസാഹചര്യം പരിഗണിച്ച് മാതൃജില്ലയിലേക്ക് സ്ഥലംമാറ്റം നൽകുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷകൾ നിലവിൽ പരിഗണിക്കേണ്ടതില്ല എന്ന് സർക്കാർ അറിയിക്കുകയുണ്ടായിയെന്നും ശ്രീ.വി.എ.ഉമ്മർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM)-675/2025-ൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് ആറ് ആഴ്ചയ്ക്കുള്ളിൽ ഉത്തരവ് നൽകണമെന്ന് 14.05.2025-ലെ ഉത്തരവിൽ ബഹു. ട്രിബ്യൂണൽ ഉത്തരവാകുകയുണ്ടായി.

**4)** കുറ്റാരോപിതരായ ഉദ്യോഗസ്ഥർ കഴിഞ്ഞ നാല് വർഷമായി മറ്റു ജില്ലകളിൽ ജോലിനോക്കിവരുന്ന സാഹചര്യത്തിലും, സമയബന്ധിതമായി അച്ചടക്കനടപടി തീർപ്പ് കൽപ്പിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിലും ഇനിയും ടി ഉദ്യോഗസ്ഥരെ മറ്റു ജില്ലകളിൽ നിലനിർത്തുന്നത് അനുചിതമായി കാണുന്നു. അതിനാൽ ശ്രീ.വി.എ.ഉമ്മർ മാതൃജില്ലയായ തൃശ്ശൂരിലേക്ക് സ്ഥലംമാറ്റം ലഭ്യമാക്കുന്നതിലേക്കായി സമർപ്പിച്ച അപേക്ഷ നിലവിൽ പരിഗണനാർഹമാണ്. മേൽ സാഹചര്യത്തിൽ, പരാമർശം (2) ഉത്തരവ് പ്രകാരം സ്ഥലംമാറ്റിയ പ്രിവന്റീവ് ഓഫീസർ ശ്രീ.വി.എ.ഉമ്മറിനെ മാതൃജില്ലയായ തൃശ്ശൂരിലേക്ക് സ്ഥലം മാറ്റുന്നതിൽ വകപ്പിന് എതിർപ്പില്ല. OA (EKM)-675/2025-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.05.2025-ലെ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കുന്നതിലേക്കായി ടി വിവരങ്ങൾ പരാമർശ (5) പ്രകാരം എക്സൈസ് കമ്മീഷണർ അറിയിക്കുകയുണ്ടായി.

**5)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവ് പ്രകാരം സ്ഥലംമാറ്റിയ പ്രിവന്റീവ് ഓഫീസർ ശ്രീ.വി.എ.ഉമ്മറിനെ (നിലവിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ) മാതൃജില്ലയായ തൃശ്ശൂരിലേക്ക് സ്ഥലംമാറ്റുന്നതിൽ വകപ്പിന് എതിർപ്പില്ല എന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ

ടിയാനെ മാതൃജില്ലയായ തൃശ്ശൂരിലേയ്ക്ക് സ്ഥലംമാറ്റുന്നതിന് അനുമതി നൽകി, അപ്രകാരം പരാമർശം (4) -ലെ ഉത്തരവ് നടപ്പിലാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**6)** മേൽപ്രകാരം പരാമർശം (4) ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ.വി.എ.ഉമ്മർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (എക്സൈസ് കമ്മീഷണർ മുഖേന)
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), കേരളം, തിരുവനനന്തപുരം,
5. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/45/2021/നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Hemalatha Das
സെക്ഷൻ ഓഫീസർ
Date: 27-06-2025 10:00:26